# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 132/2025** **തിരുവനന്തപുരം, തീയതി: 18.06.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം – 2025 ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2025-26 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനത്തിനുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് പ്രൊഫൈലിൽ നിന്നും ഓൺലൈനായി ഒടുക്കി (Transaction Success എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

കോളേജ് പ്രവേശനം 19.06.2025, 20.06.2025, 21.06.2025 & 23.06.2025 തീയതികളിൽ. (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, ഗവൺമെന്റ് വിമൻസ് കോളേജ്, വഴുതക്കാട് എന്നിവിടങ്ങളിൽ വച്ച് 20, 21 തീയതികളിൽ ഇന്ത്യൻ എക്കണോമിക് സർവ്വീസ് പരീക്ഷ നടക്കുന്നതിനാൽ ഈ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് 20/06/2025 ന് കോളേജിൽ ഹാജരാകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ 19/06/2025 തീയതിയിലും, 21/06/2025 ന് കോളേജിൽ ഹാജരാകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾ 23/06/2025 തീയതിയിലും കോളേജിൽ ഹാജരാകേണ്ടതാണ്. )

സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കാത്തവരുടെയും, ഫീസടച്ച ശേഷം കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെയും അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി കോളേജിൽ ഹാജരായി പെർമനന്റ്/ടെമ്പററി അഡ്മിഷൻ എടുക്കേണ്ടതാണ്.

വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂൺ 24 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. ടെമ്പററി അഡ്മിഷൻ സംവിധാനം ആദ്യ അലോട്ട്മെന്റിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ

(APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

## നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (FYUGP-CSS) പ്രവേശന തീയതി മാറ്റി

കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (FYUGP-CSS) പ്രവേശന തീയതി 19/06/2025 ൽ നിന്നും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ പ്രവേശന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ (2024 അഡ്മിഷൻ) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## സീറ്റൊഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) പതിനഞ്ചാമത് ബാച്ചിലേക്ക് ഒരു സീറ്റ് ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/തത്തുല്യം. ഫീസ് : 6500/- രൂപ. കാലാവധി : 6 മാസം. അപേക്ഷാഫോം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.arabicku.in) ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂൺ 30 തിങ്കളാഴ്ച വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്ക് 0471-2308846/9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരംകുളം ഗവൺമെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിൽ നടത്തപ്പെടുന്ന ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേയ്ക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്ലസ് ടു ആണ് അപേക്ഷകരുടെ യോഗ്യത. അപേക്ഷാഫോം ഗവൺമെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അവസാന തീയതി 2025 ജൂൺ 30. കോണ്ടാക്ട് നമ്പർ : 9947115190.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബിടെക് സപ്ലിമെന്ററി (2013 സ്കീം - 2014 അഡ്മിഷൻ മാത്രം) സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ - 2013 സ്കീം – 2014 അഡ്മിഷൻ മാത്രം), കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ - 2014 – 2017 അഡ്മിഷൻ വരെ) ഏപ്രിൽ 2025 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തുന്ന നാലാം സെമസ്റ്റർ എംസിഎ (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ - 2020 സ്കീം) പ്രോജക്ട് വർക്ക് & കോംപ്രിഹെൻസീവ് വൈവ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

# <u>വായനവാരാചരണം</u>

കേരളസർവകലാശാല ലൈബ്രറിയിൽ ഈ വർഷത്തെ വായനാ വാരാചരണം 2025 ജൂൺ 19 മുതൽ 25 വരെ സർവകലാശാല ലൈബ്രറി ഹാളിൽ നടത്തപ്പെടുന്നു. വായന, യോഗ എന്നീ വിഷയങ്ങൾ ആസ്പദമാക്കിയുള്ള പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രദർശനം ഉണ്ടായിരിക്കുന്നതാണ്. ലൈബ്രറി അംഗങ്ങൾ അല്ലാത്ത പൊതുജനങ്ങൾക്കും പ്രദർശനം കാണാൻ അവസരമുണ്ടായിരിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**